# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ : 128**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

അതികഠിനമായ കാലാവസ്ഥാ വ്യതിയാനത്തിലൂടെ ലോകം കടന്നുപോകുന്നു. ഭാരതത്തിന്റെ ഒട്ടുമിക്ക സംസ്ഥാനങ്ങളിലും, ഇൻഡോ പസഫിക് മേഖലയാകമാനവും ഉയർന്ന താപ നിലയും കുടിവെള്ളത്തിന്റെ ദൗർലഭ്യവും അനുഭവപ്പെടുന്നുണ്ട്. മരുഭൂമി എന്ന് വിശേഷി പ്പിച്ചിരുന്ന ദേശങ്ങളിൽ ഇപ്പോൾ മഴയും വെള്ളപ്പൊക്കവും ആവർത്തിച്ചുണ്ടാകുന്നു. കാലാവസ്ഥ വ്യതിയാനത്തിന്റെ പരിണിതഫലങ്ങളാണ് ഇവയെല്ലാം. ആന്തരികവും ബാഹ്യവുമായ നിരവധി ഘടകങ്ങൾ ഇതിനു കാരണമാകുന്നുണ്ട്. ആഗോള താപനിലയിലെ വർദ്ധനവും പ്രകൃതിയുടെമേലുള്ള കടന്നുകയറ്റവും പ്രകൃതിയെ ചൂഷണോപാധിയാക്കുന്ന വികസന നയങ്ങളും ഭൂമിയുടെ പാരിസ്ഥിതിക സംതുലിതാവസ്ഥയിൽ മാറ്റം വരുത്തുന്നു. പ്രാദേശികമായ കാരണങ്ങൾക്കുമപ്പുറമാണ് ഈ പ്രതിഭാസം എങ്കിലും കാലാവസ്ഥ വ്യതിയാനത്തെ നേരിടുവാനുള്ള കർമ്മ പദ്ധതികൾ ആരംഭിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്.

വരൾച്ച രൂക്ഷമായി നേരിടുന്ന ഇടങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആരംഭിക്കണം. മനുഷ്യർക്ക് മാത്രമല്ല പറവകൾക്കും ഇതര ജീവജാലങ്ങൾക്കും നമ്മുടെ കരുതൽ ആവശ്യമാണ്. കൂടുതൽ ജലലഭ്യത ആവശ്യമുള്ളയിടങ്ങളിൽ ടാങ്കറുകളിൽ ജലം എത്തിച്ച് നല്കുവാൻ പരിശ്രമങ്ങൾ ഉണ്ടാകണം. നമ്മുടെ സ്ഥാപനങ്ങളിൽ പൊതുജനങ്ങൾക്ക് കൂടി ലഭ്യമാകത്തക്കവിധം ജലസംഭരണി, വാട്ടർ ഫിൽറ്റർ, വാട്ടർ കൂളർ എന്നിവ സ്ഥാപിച്ച് ആവശ്യക്കാർക്ക് ദാഹജലം ലഭ്യമാക്കുവാൻ പദ്ധതിയൊരുക്കാവുന്നതാണ്. പ്രകൃതിയുടെ വരദാനമായ ജലം പാഴാക്കാതിരിക്കത്തക്കവിധം ക്രമീകരണങ്ങൾ ചെയ്യണം. മഴവെള്ള സംഭരണി, റീ ചാർജ്ജിംഗ് പിറ്റുകൾ എന്നിവ ഉണ്ടാക്കാവുന്നതാണ്. സഭയുടെ വികസന വിഭാഗം, ഇക്കോളജിക്കൽ കമ്മീഷൻ എന്നിവ നടത്തുന്ന ബോധവൽക്കരണ പ്രവർത്തനങ്ങൾ ഇതിനൊരു മുഖാന്തിരമായി തീരട്ടെയെന്നാശംസിക്കുന്നു.

പ്രീയരെ, ദൈവം നമുക്ക് നല്കുന്ന വിഭവങ്ങളെ കാര്യവിചാരകത്വത്തോടെ വിനിയോഗിക്കു ന്നതിനും, സമൂഹത്തിന്റെ അടിയന്തിര ആവശ്യങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുന്ന തിനും നമുക്ക് ഇടയായിത്തീരണം.

ദൈവകൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

തിരുവല്ലാ പൂലാത്തീനിൽ നിന്നും 2024 മേയ് മാസം 2–ാം തീയതി

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ.**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 128**

*Blessings to all the vicars, resident clergy, trustees*
*and members of all the parishes under our authority.*

Dearly beloved in Christ,

The world is going through extreme climate change. Most of India's states and the whole of the Indo-Pacific region are experiencing high temperatures and scarcity of drinking water. Regions that were described as deserts are now experiencing repeated rains and floods. All these are the consequences of climate change. Several internal and external factors are responsible for this. The increase in global temperature, encroachment of nature, and development policies that exploit nature are upsetting the earth's delicate ecological balance. Although this phenomenon is beyond local causes, it is the responsibility of each and every one of us to initiate action plans to deal with climate change.

Schemes should be started to provide potable water in areas facing severe drought. Not only human beings, but birds and other living creatures also need our care. Efforts should be made to deliver water in tankers to the places where more water is required. Plans can be made to install water reservoirs, water filters, and water coolers in our institutions to make them available to the public, and provide drinking water to the needy. Arrangements should be made so that nature's gift of water is not wasted. Rainwater harvesting and recharging pits can be constructed. May the awareness programs carried out by the Church's Development Department and the Ecological Commission be a means to this.

Beloved, we must be able to use the resources God has given us as stewards and respond positively to the urgent needs of society.

May God's grace be with you all.

Dated 2nd May 2024 from Poolatheen, Thiruvalla

**Dr. Theodosius Mar Thoma Metropolitan.**